4 (1638) മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ;

(സി) മഴക്കാലത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാതെ വിഷമിക്കുന്ന തൊഴിലാളി കുടുംബങ്ങൾക്ക് സഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇവർക്കു മാത്രമായി പ്രത്യേക പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ബാധകമല്ല.

(സി)&(ഡി) ഇതിനായി സമ്പാദ്യ ആശ്വാസ പദ്ധതി നിലവിലുണ്ട്.

5 (1639) കായംകുളത്ത് ഫിഷറീസ് വകുപ്പിന്റെ ഐസ് പ്ലാന്റ്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് പഴയ ബോട്ട്ജെട്ടിക്ക് അടുത്തുള്ള ഫിഷറീസ് വകുപ്പിന്റെ ഐസ് പ്ലാന്റും ഓഫീസും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുമോ?

(സി) ഇവിടെ ടൂറിസം വകുപ്പിന് ജലയോര വിശ്രമ കേന്ദ്രം പണിയാൻ എത്ര സെന്റ് സ്ഥലമാണ് നൽകിയിട്ടുള്ളത്;

(ഡി) ടൂറിസം വകുപ്പിന് ഈ സ്ഥലം വിട്ടുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. യുടെ നിവേദനം കിട്ടിയ തീയതി വ്യക്തമാക്കുമോ:

(ഇ) ഐസ് പ്ലാന്റും ഓഫീസും പ്രവർത്തിപ്പിക്കാൻ കൂടുതൽ നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 30 സെന്റ് സ്ഥലം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തെ സംബന്ധിച്ച് നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

6 (1640) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ബി) സ്വന്തമായി ഭവനം ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭവനം ലഭിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രകാരം 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക നീക്കി വച്ചു എന്നും അതിൽ എത്ര വീതം ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ലതിരിച്ചു വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്ക് 10-ാം ധനകാര്യ കമ്മീഷൻ പ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വെളിപ്പെടുത്താം. വിവരം അനുബന്ധം 1,2,3 എന്നിവയിൽ കൊടുത്തിരിക്കുന്നു.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 1996-97 സാമ്പത്തിക വർഷം 300 ലക്ഷം രൂപയും 1997-98, സാമ്പത്തിക വർഷം 600 ലക്ഷം രൂപയും 1998-99-ൽ 600 ലക്ഷം രൂപയും നീക്കി വയ്ക്കുകയുണ്ടായി. പത്താം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ 1997-98-ൽ 750 ലക്ഷം രൂപയും 1998-99-ൽ 900 ലക്ഷം രൂപയും നീക്കിവയ്ക്കുകയുണ്ടായി. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള 1996-97, 1997-98 എന്നീ വർഷങ്ങളിൽ മൊത്തം 581.22 ലക്ഷം രൂപയും പത്താം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയിൻകീഴിൽ 1997-98, 1998-99 എന്നീ വർഷങ്ങളിൽ 452,89 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) വെളിപ്പെടുത്താം. വിവരം അനുബന്ധം 4-ൽ കൊടുത്തിരിക്കുന്നു.

(ഡി) ഉണ്ട്.

അനുബന്ധം I ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly